

INDIAN CATHOLIC COMMUNITY
Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771
ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 8. 2 www.iccvienna.org July-August: 2013

# Message of the Chaplain: Guidelines for Mixed Marriage

# മിശ്രവിവാഹം

മിശ്രവിവാഹത്തെപ്പറ്റി കത്തോലിക്കാസഭയുടെ വ്യക്തമായ കാഴ്ചപ്പാട്, പ്രസിദ്ധ കാനോനിസ്റ്റ് ഫാ. ജോസ് ചിറമേൽ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധിക്കുക:

എന്താണ് മിശ്രവിവാഹം? കത്തോലിക്കരും മാമോദീസ സ്വീകരിച്ച അകത്തോലിക്കരും തമ്മിൽ നടത്തുന്ന വിവാഹത്തെയാണ് മിശ്രവിവാഹമെന്ന് പറയുന്നത്. പൊതുവെ പറഞ്ഞാൽ, മിശ്രവിവാഹങ്ങൾ സഭ പ്രോത്സാഹിപ്പിക്കുന്നില്ല. ഒരേ മതവിശ്വാസികൾ തമ്മിലുള്ള വിവാഹമാണ് സഭ അഭികാമ്യമായി കരുതുന്നത്. തന്മൂലം മിശ്രവിവാഹങ്ങൾ കത്തോലിക്കാസഭയുടെ പൊതുനിയമത്തിന് ഒരപവാദമാണ്. ചില വ്യവസ്ഥകൾക്ക് വിധേയമായി മിശ്രവിവാഹത്തിന് കത്തോലിക്കരെ സഭ അനുവദിക്കുന്നു.

മിശ്രവിവാഹത്തിന് കത്തോലിക്കാദമ്പതി തന്റെ രൂപതാ മെത്രാനിൽനിന്ന് അനുവാദം വാങ്ങിയിരിക്കണം. തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ സഭ താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കുമെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് മെത്രാൻ മിശ്രവിവാഹത്തിന് അനുവാദം നൽകുന്നത്:

1. കത്തോലിക്കാ ദമ്പതി, തന്റെ വിശ്വാസത്തിന് കോട്ടം വരുത്തിയേക്കാവുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് തയ്യാറാണെന്ന് പ്രഖ്യാപിക്കണം.
2. തനിക്കുണ്ടാകുന്ന കുട്ടികളെ കത്തോലിക്കാസഭയിൽ മാമോദീസയും ശിക്ഷണവും നൽകി വളർത്തിക്കൊള്ളാമെന്ന് വാഗ്ദാനം ചെയ്യണം. ദമ്പതികൾ മുൻകൂട്ടി ചർച്ചചെയ്ത് ഇക്കാര്യങ്ങൾ തീരുമാനിക്കാവുന്നതാണ്.
3. കത്തോലിക്കാ ദമ്പതികളുടെ വാഗ്ദാനങ്ങളെപ്പറ്റി അകത്തോലിക്കാ ദമ്പതിയെ യഥാകാലം ധരിപ്പിക്കേണ്ടതാണ്.
4. വിവാഹത്തിന്റെ സാരവത്തായ ലക്ഷ്യങ്ങളേയും ഗുണവിശേഷങ്ങളേയും പറ്റി വികാരിമാർ മിശ്രവിവാഹം നടത്താൻപോകുന്ന ദമ്പതിമാരെ ഉദ്ബോധിപ്പിക്കുകയും വേണം.

മിശ്രവിവാഹത്തിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ ദമ്പതി രൂപതാ മെത്രാന് സമർപ്പിക്കുന്ന അപേക്ഷയിൽ മേൽപറഞ്ഞ വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് കൃത്യമായി കാണിച്ചിരിക്കണം. അപേക്ഷയോടൊപ്പം വികാരിയച്ചന്റെ കത്തും ഉണ്ടായിരിക്കണം.

മിശ്രവിവാഹം നടത്താൻ ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് ബോദ്ധ്യപ്പെടുകയും അതിനാവശ്യമായ നിയമവ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്നുള്ള കത്തോലിക്കാദമ്പതിയുടെ ഉറപ്പ് ലഭിച്ചതിന്റേയും അടിസ്ഥാനത്തിലാണ് മിശ്രവിവാഹത്തിന് രൂപതാ മെത്രാൻ അനുവാദം നൽകുന്നത്. തക്കതായ കാരണം ഉണ്ടായിരിക്കുകയും മുകളിൽ സൂചിപ്പിച്ച വ്യവസ്ഥകൾ പാലിക്കുകയും ചെയ്യുന്നപക്ഷം മിശ്രവിവാഹത്തിനുള്ള അനുമതി നിഷേധിക്കാൻ പാടുള്ളതല്ല. മിശ്രവിവാഹത്തിന് മുമ്പ് മനസ്സമ്മതം, വിളിച്ചുചൊല്ലൽ എന്നിവ രൂപതാ മെത്രാന്റെ തീരുമാനത്തിന് വിധേയമായി മാത്രമെ നടത്താവൂ. ഇപ്രകാരം നടത്തപ്പെടുന്ന മിശ്രവിവാഹങ്ങളിൽ സഭയുടെ കാനോനികക്രമം പാലിക്കേണ്ടതാണ്.

കത്തോലിക്കരും പൗരസ്ത്യ സഭാവിഭാഗത്തിൽപ്പെട്ട അകത്തോലിക്കരുമായുള്ള വിവാഹം അകത്തോലിക്കാ ദമ്പതിയുടെ പള്ളിയിൽവച്ചു നടത്തിയാലും സാധുവായിരിക്കും. എന്നാൽ, കേരളത്തിൽ ഇത്തരം വിവാഹങ്ങൾ അകത്തോലിക്കാ ദേവാലയങ്ങളിൽ വച്ചു നടത്താൻ അനുവദിക്കേണ്ടതില്ലെന്നാണ് സഭയുടെ തീരുമാനം.

മിശ്രവിവാഹം കത്തോലിക്കാ ദേവാലയത്തിൽവച്ചു നടക്കുമ്പോൾ വിവാഹാശീർവ്വാദ ശുശ്രൂഷക്കിടയിൽ അകത്തോലിക്കാ ദമ്പതിയുടെ ഭാഗത്തുനിന്നുള്ള വൈദികർ വേറെ എന്തെങ്കിലും ശുശ്രൂഷകൾ ഇതോടോന്നിച്ച് നടത്താൻ പാടുള്ളതല്ല. കത്തോലിക്കാ വൈദികനും അകത്തോലിക്കാ വൈദികനും സംയുക്തമായി ദമ്പതിമാരുടെ ഉഭയസമ്മതം പ്രകടിപ്പിക്കുവാൻ ആവശ്യപ്പെടുവാനും പാടില്ല (CCEO c. 839; CIC c.1127/3). എന്നാൽ വിവാഹ ശ്രുശ്രൂഷയ്ക്കിടക്ക് വേദഗ്രന്ഥപരായണമോ, ലഘു പ്രഭാഷണമോ അകത്തോലിക്കാ വൈദികന് നടത്താവുന്നതാണ്.

മിശ്രവിവാഹത്തോടനുബന്ധിച്ച് കത്തോലിക്കാ സഭയിൽ ദിവ്യബലി അർപ്പണം സാധാരണഗതിയിൽ അനുവദിക്കാറില്ല. എന്നാൽ കൂട്ടുദമ്പതി പൗരസ്ത്യ സഭാ വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ രൂപതാ മെത്രാന് വിവാഹത്തോടനുബന്ധിച്ച് ദിവ്യബലി അർപ്പിക്കുന്നതിന് അനുവാദം നൽകാവുന്നതാണ്. പൗരസ്ത്യ അകത്തോലിക്കർക്ക് വിശുദ്ധ കുർബ്ബാന സ്വീകരിക്കാവുന്നതാണ് (CCEO c. 671/3; CIC c.844/3).

കത്തോലിക്കാ സഭയും യാക്കോബായ സഭയും തമ്മിലുണ്ടാക്കിയ ധാരണയുടെ വെളിച്ചത്തിൽ ഇക്കൂട്ടരുടെ വിവാഹം വധൂവരന്മാരുടെ താല്പര്യമനുസരിച്ച് അവരിൽ ആരുടെ ഇടവകപ്പള്ളിയിൽ വച്ചും നടത്താവുന്നതാണ്. വിവാഹം വിളിച്ചുചൊല്ലൽ ദമ്പതിമാർ ഇരുവരുടേയും പള്ളികളിൽ നടത്തിയിരിക്കണം; വിവാഹം വ്യത്യസ്ത സഭാ വിഭാഗങ്ങളിൽപ്പെട്ടവരുടേതാണെന്ന് പറയുകയും വേണം. കത്തോലിക്കാ യാക്കോബായ മിശ്രവിവാഹത്തിന്റെ ആശീർവ്വാദം സംബന്ധിച്ച് നാലു കാര്യങ്ങൾ ശ്രദ്ധിക്കുക:

1) വിവാഹം നടക്കുന്ന ഇടവകപ്പള്ളിയിലെ വികാരിയാണ് വിവാഹം ആശീർവ്വദിക്കേണ്ടത്. അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന അതേ സഭയിൽപ്പെട്ട മറ്റൊരു വൈദികൻ.
2) രണ്ടു സഭാവിഭാഗങ്ങളുടേയും ശുശ്രൂഷകൾ കൂട്ടിക്കലർത്താൻ പാടില്ല.
3) വിവാഹാശീർവ്വാദ കർമ്മത്തോടനുബന്ധിച്ച് ദിവ്യബലി ഉണ്ടെങ്കിൽ രണ്ടു സഭാവിഭാഗങ്ങളിലുംപെട്ടവർക്ക് വിശുദ്ധ കുർബ്ബാന സ്വീകരിക്കാവുന്നതാണ്.
4) വിവാഹം നടക്കുന്ന ഇടവകയിലെ രേഖകളിലും കൂട്ടുദമ്പതിയുടെ ഇടവകയിലും വിവാഹത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വിവാഹക്കുറികൾ വികാരിമാർ കൈമാറേണ്ടതാണ്.

***<u>പ്രത്യേകം ശ്രദ്ധിക്കുക:</u>*** കത്തോലിക്കാ ദമ്പതിയും പൗരസ്ത്യസഭാ വിഭാഗത്തിൽപ്പെടാത്ത അകത്തോലിക്കാ ദമ്പതിയും തമ്മിലുള്ള വിവാഹം കത്തോലിക്കാപ്പള്ളിയിൽ വച്ച് ആശീർവ്വദിക്കപ്പെടാത്തപക്ഷം അസാധുവും നിയമാനുസൃതമല്ലാത്തതുമാകും.

അവധിക്കാലം ആഗതമായല്ലോ. എല്ലാ ഇടവകാംഗങ്ങൾക്കും പ്രവാസി മലയാളികളേവർക്കും ഏറ്റവും സന്തോഷപ്രദമായ അവധിക്കാലാശംസകൾ നേരുന്നു. അവധിയാഘോഷങ്ങൾ എന്തായാലും എങ്ങോട്ട് പോയാലും തമ്പുരാനെ മറക്കാതിരിക്കുക. ആത്യന്തികമായ സന്തോഷവും സമാധാനവും സംരക്ഷണവും ഈശോയുടെ ആത്മാവ് ഏവർക്കും നൽകട്ടെയെന്ന പ്രാർത്ഥനാശംസകൾ നേരുന്നു.

**നിങ്ങളുടെ തോമസ്സച്ചനും ജോയിയച്ചനും**

## Main ICC Events in July & August

3rd July Feast of St. Thomas, the Apostle of India –Dhukranathirunal – Malayalam Mass at 8.00 Am in Maria Lourdes.

18th August: Pilgrimage to Maria Gugging Malayalam Mass at 4.00 Pm at Grotto.
No Malayalam Mass at Stadlau Kapelle.

24th August: One Day Recollection from 10.00 Am to 4.00 Pm in Stadlau Kapelle

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*